



# പ്ലാച്ചിമട
# പ്രതിരോധം മൂന്നാം വർഷത്തിലേക്ക് കടക്കുമ്പോൾ

കെ.ആർ.ആർ.

ദേശീയ- അന്തർദ്ദേശീയ തലങ്ങളിൽ ശ്രദ്ധിക്കപ്പെട്ടിട്ടും സംസ്ഥാനത്ത് മുഖ്യധാരാ സാമൂഹ്യപ്രവർത്തകരും രാഷ്ട്രീയകക്ഷികളും ഒരു പരിധി വരെ വൻകിട മാധ്യമങ്ങളും അവഗണിച്ച ചരിത്രമാണ് പ്ലാച്ചിമടയിലെ കൊക്കക്കോള വിരുദ്ധ സമരത്തിന്റേത്. പ്ലാച്ചിമടയിലെ ആദിവാസി ജനതയുടെ ജീവിക്കാനുള്ള അവകാശപ്രഖ്യാപനസമരം മൂന്നാം വർഷത്തിലേക്ക് കടക്കുമ്പോൾ അത് ഉയർത്തിയ പ്രശ്നങ്ങളുടെ വ്യാപ്തിയും ബഹുതയും വല്ലാതെ വർദ്ധിച്ചിരിക്കുന്നു, മാധ്യമങ്ങൾക്കും രാഷ്ട്രീയ ചേരികൾക്കും അവഗണിക്കാനാവുന്നതിലുമധികം. അടിസ്ഥാനവിഭവങ്ങളിൽ കണ്ണുനട്ടുകൊണ്ട് അതിർത്തികൾ കടക്കുന്ന സ്വകാര്യമൂലധനത്തിന്റെയും മണ്ണും പ്രകൃതിവിഭവങ്ങളും സ്വയംനിർണ്ണയാവകാശങ്ങളും നഷ്ടപ്പെടുത്തിയിട്ടുപോലും നിക്ഷേപകർക്കുമുന്നിൽ വിലപേശുന്ന ഭരണകൂടത്തിന്റെയും ഇച്ഛകൾക്ക് വഴങ്ങിക്കൊടുക്കില്ലെന്ന് നിർബന്ധം പിടിച്ചുകൊണ്ടുകൂടിയാണ് ഈ ആദിവാസിസമരം കൂടുതൽ വിപുലവും ശക്തവുമാകുന്നത്.

പരിസ്ഥിതി, വിഭവങ്ങൾക്കുമേലുള്ള ജനതയുടെ അവകാശങ്ങൾ, പ്രാദേശികമായ സ്വയം നിർണ്ണയാവകാശം, ജനാധിപത്യത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ തുടങ്ങി സൂക്ഷ്മരാഷ്ട്രീയത്തിന്റെ പ്രശ്നങ്ങൾ കൂടി ഉന്നയിച്ചുകൊണ്ടും ചർച്ചചെയ്തുകൊണ്ടും മാത്രമേ പ്ലാച്ചിമടയിലൂടെ കേരളത്തിന്റെ രാഷ്ട്രീയത്തിന് മുന്നോട്ട് പോകാനാവൂ. എന്നാൽ ഇതിൽ നിന്ന് രക്ഷപ്പെടുന്നതിന് ഏറ്റവും എളുപ്പമാർഗ്ഗം സ്വീകരിക്കാനാണ് ഇവിടുത്തെ പ്രധാനരാഷ്ട്രീയ ചേരികളെല്ലാം തന്ത്രപരമായി ശ്രമിച്ചത്- പ്രശ്നങ്ങൾ കോടതിക്ക് വിടുകയും രാഷ്ട്രീയ തീരുമാനങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്യുക. ചർച്ചകളിൽ പ്ലാച്ചിമടയോ സമരത്തിന്റെ ആവശ്യങ്ങളോ ഉന്നയിക്കാതിരിക്കുക.

ജലദൗർല്ലഭ്യം നേരിടുന്ന പ്ലാച്ചിമടയിലേക്ക് ഭൂഗർഭജലത്തിന്റെ കണക്കുകൾ രഹസ്യമായി കൈമാറിക്കൊണ്ട് കൊക്കക്കോളയെ ക്ഷണിക്കുകയും 'ഫാക്ടറി- കൂടു





തൽ തൊഴിൽ- മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ' എന്നീ വ്യാവസായികവികസന മുദ്രാവാക്യങ്ങളുയർത്തി ജനങ്ങളെ തുടക്കത്തിൽ സുഖിപ്പിച്ചുനിർത്തുകയും ചെയ്തതുവഴി ഭരണകൂടം(തദ്ദേശീയ ഭരണസ്ഥാപനങ്ങൾ അടക്കം) ചെയ്തതും പരോക്ഷമായി കമ്പനിയെ ഇന്നും തുണയ്ക്കുന്നതുവഴി തുടർന്നുകൊണ്ടിരിക്കുന്നതുമായ പരസ്യമായ ജനപീഡനം ജനാധിപത്യത്തിന്റെ തന്നെ നിഷേധമാണ്- ഇക്കാരണത്താൽ തെരഞ്ഞെടുക്കപ്പെട്ട ഭരണകൂടം നിയമപരമായിത്തന്നെ കുറ്റവാളിയുമാണ്. നിയമവേദികളിൽ ഈ ചോദ്യം കൂടി ഉയർത്തിക്കൊണ്ട് അടിസ്ഥാനവിഭവങ്ങളുടെ ചൂഷണത്തിന് കൂട്ടുനിന്നതിനും ഭരണഘടനാവിരുദ്ധമായി പെരുമാറിയതിനും സത്യപ്രതിജ്ഞ ലംഘിച്ചതിനും സർക്കാരുകൾക്കെതിരെ നടപടിയെടുക്കാൻ കോടതി സ്വമേധയാ തയ്യാറാവുമോ?

മാധ്യമ അജണ്ടകൾ നിശ്ചയിക്കപ്പെടുന്നത് ആരുടെ താൽപര്യപ്രകാരമാണെന്ന് പൊളിച്ചുകാട്ടിക്കൊണ്ട് കൂടിയാണ് പെരുമാട്ടിപഞ്ചായത്തിലെ ആദിവാസിസമരം മുന്നേറുന്നത്. സി കെ ജാനു ഉദ്ഘാടനം ചെയ്ത സമരത്തെ ആദിവാസി -തീവ്രഇടതുപക്ഷ വാദികളുടെ സമരമായി മുദ്രകുത്തുന്നതിനും 'തീവ്രഇടതുപക്ഷ'ത്തോട് മനോരമ അടക്കമുള്ള പത്രങ്ങളും ഇടതുപക്ഷവും ഒരുപോലെ പരിശ്രമിച്ച് ഉണ്ടാക്കിയെടുത്തിട്ടുള്ള പൊതുഭീതി ഉയർത്തിവിട്ടുകൊണ്ട് ജനശ്രദ്ധയിൽ നിന്നകറ്റാനും ശ്രമം നടന്നു. ഇത് വലിയൊരളവുവരെ വിജയിക്കുകയും ചെയ്തു. പ്ലാച്ചിമടയിലെ സമരം മാധ്യമം പത്രത്തിലും ചെറു-സമാന്തര മാധ്യമങ്ങളിലും മാത്രം വാർത്തയായിരുന്ന ഒരു ചെറുസമരമായി ഏകദേശം ഒരുവർഷം തുടർന്നു. ഒരു കോടിയിലധികം വായനക്കാരുള്ള മനോരമ സമരത്തെ അധിക്ഷേപിച്ചുകൊണ്ടും കൊക്കക്കോള കമ്പനിയുടെ വായ്ത്താരി ഏറ്റുപാടിക്കൊണ്ടും പത്രധർമ്മം നിർവ്വഹിച്ചുകൊണ്ടിരുന്നു.

കൊക്കകോള കർഷകർക്ക് വിതരണം ചെയ്ത 'വള'ത്തിൽ മാരകമായ വിഷവസ്തുക്കൾ അടങ്ങിയിട്ടുണ്ടെന്ന് എക്സിറ്റർ യൂനിവേഴ്സിറ്റിയുടെ പഠനം ഉദ്ധരിച്ചുകൊണ്ട് ബി ബി സി വാർത്തവന്നപ്പോഴും ദേശീയ അന്താരാഷ്ട്രമാധ്യമങ്ങളിൽ കൊക്കക്കോളയുടെ ജനവഞ്ചന നിറഞ്ഞുനിന്നപ്പോഴും മനോരമ ഒന്നും കാണാത്ത മട്ടിൽ നിന്നു.

കേരളത്തിലെ രണ്ടാമത്തെ പത്രം വ്യാപകമായി പ്ലാച്ചിമടയിലേക്ക് തിരിഞ്ഞത് എം പി വീരേന്ദ്രകുമാറിന്റെ പ്രത്യേക താൽപര്യപ്രകാരമായിരുന്നു. മാധ്യമങ്ങൾക്ക് അവഗണിക്കാനാവാത്തവിധം പ്ലാച്ചിമടയുടെ ശബ്ദം വളർന്നതുകൊണ്ടു കൂടിയാണ് വാർത്തകളിൽ ഈ അവകാശസമരം സ്ഥിരം സാന്നിദ്ധ്യമായത്. കോളകളിൽ കീടനാശിനികളും വിഷവസ്തുക്കളും അനുവദനീയമായതിലും പതിന്മടങ്ങ് അടങ്ങിയിട്ടുണ്ടെന്ന് ഡെൽഹി ആസ്ഥാനമായുള്ള സെന്റർ ഫോർ സയൻസ് ഏന്റ് എൻവയോൺമെന്റിന്റെ വെളിപ്പെടുത്തലും ഇതെത്തുടർന്ന് സംയുക്തപാർലിമെന്ററി കമ്മിറ്റി ഈ വെളിപ്പെടുത്തലുകൾ ശരിവെച്ചതും കൊക്കക്കോള നമ്മുടെ വെള്ളമൂറ്റിക്കൊണ്ട്, നമുക്ക് വിഷംതന്നുകൊണ്ട് കൊഴുത്തുവീർക്കുന്ന ഭീകരചൂഷകനാണെന്ന പൊതുബോധം ശക്തമായി.

ഈ സ്ഥിതിയിലും കൊക്കക്കോള കമ്പനി നടത്തിയ കണ്ണിൽപ്പൊടിയിടൽ വേലകൾക്ക് മാധ്യമഭാഷ്യം നല്കാൻ ദേശീയ മാധ്യമമായ ഹിന്ദുവടക്കം തയ്യാറായി എന്നത് മാധ്യമവിശ്വസ്ഥതയെക്കുറിച്ചുള്ള അവിശ്വാസങ്ങൾ കൂടുതൽ ദൃഢമാക്കുന്നു. നിയന്ത്രണമില്ലാതെ ഭൂഗർഭജലചൂഷണം നടത്തുന്നത് തുടരുമ്പോൾത്തന്നെ പ്രദേശത്തെ വെള്ളത്തിനായി വലയുന്ന ജനങ്ങൾക്ക് ടാങ്കർലോറികളിൽ വെള്ളമെത്തിച്ച് മിശിഹാ ചമയുന്നതിനും മഴവെള്ളക്കൊയ്ത്തിനുള്ള കുഴികൾ കുത്തി പരിസ്ഥിതി പ്രേമം നടിക്കുന്നതിനും കൊക്കക്കോള നടത്തിയ ശ്രമങ്ങൾക്കും കിട്ടി കോളംകണക്കിന് മാധ്യമസ്ഥലം!!

പ്ലാച്ചിമടയിലെ സമരം ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൂടി നിർബന്ധിതമായത് പ്രാദേശിക ജനതയുടെ ആവശ്യങ്ങളെ എല്ലാക്കാലത്തേക്കും അവഗണിക്കാൻ ജനാധിപത്യത്തിന് കഴിയില്ലെന്ന് വ്യക്തമായ സൂചനകൾ നൽകുന്നു- ഭാവിയുടെ അവകാശസമരങ്ങൾക്കും വിഭവങ്ങൾക്കുമേലുള്ള ജനതയുടെ സ്വയാധികാരത്തിലുള്ള ഊന്നലുകൾക്കും പ്ലാച്ചിമട നൽകുന്ന ഏറ്റവും വലിയപ്രതീക്ഷ ഒരുപക്ഷേ ഇതായിരിക്കണം. കൊക്കകോളയ്ക്ക് ലൈസൻസ് നൽകിയ ഗ്രാമപഞ്ചായത്ത് അത് റദ്ദ് ചെയ്യുകയും ആ തീരുമാനത്തിനുപിന്നിൽ ഉറച്ചുനിൽക്കുകയുംചെയ്തുവെന്നത് ചെറിയ കാര്യമല്ല. കൊക്കക്കോള പ്ലാന്റ് നടത്തുന്ന ജലമോഷണവും മലിനീകരണവും അവകാശവാദങ്ങൾകൊണ്ടും മഴവെള്ളക്കൊയ്ത്തുകൊണ്ടും മറച്ചുവെക്കാവുന്ന അവസ്ഥയിൽ നിന്നും കൈവിട്ടുപോയി എന്നതാണ് മറ്റൊരു വസ്തുത. മുൻകാലങ്ങളിൽ ജനകീയ പ്രതിഷേധം അവഗണിച്ചുകൊണ്ട് കൊക്കക്കോളയ്ക്ക് വെള്ളം നൽകാൻ തയ്യാറായ രാഷ്ട്രീയ നേതാക്കൾ വരെ കമ്പനിക്കെതിരെ ശക്തമായി രംഗത്തുവന്നുവെന്നത് ശ്രദ്ധേയമാണ്.

ദേശീയതലത്തിൽ ശ്രദ്ധേയരായ സാമൂഹ്യ പ്രതിരോധപ്രവർത്തകർ പ്ലാച്ചിമട സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് കേരളത്തിലെത്തി- മേധാപട്കർ, സിദ്ധരാജ് ദദ്ധ, അരുന്ധതി ധുരു, ഡോ.വന്ദനശിവ, ഡോ.സന്ദീപ് പാണ്ഡേ, ഗബ്രിയേല ഡിട്രിച്ച്, സഞ്ജയ് മംഗള ഗോപാൽ, അഫ്‌ളാത്തൂൺ, ഹോസെബ്യുവെ, മോഡ് ബാർലോ, വാർഡ് മോർഹൗസ്, അന്താരാഷ്ട്ര മാധ്യമപ്രവർത്തകർ.... ഇവരെല്ലാം എത്തിക്കഴിഞ്ഞ് വളരെ വൈകിയാണെങ്കിൽപ്പോലും കേരളത്തിലെ മുഖ്യധാരാസാംസ്കാരികപ്രവർത്തകർ പ്ലാച്ചിമടയിലെത്തി. കുത്തക വെള്ളക്കമ്പനിയ്ക്കെതിരെ ജലചൂഷണത്തിനെതിരെ ലോകത്താദ്യമായി പ്രതിരോധമുയർത്തിയ പ്ലാച്ചിമടയിൽത്തന്നെ ആഗോളജലസമ്മേളനത്തിന് വേദിയൊരുക്കിക്കൊണ്ട് സാംസ്കാരികലോകം പ്രതീകാത്മകമായി പ്രതികരിച്ചു.